**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4381** **18-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കാസർഗോഡ്-വയനാട് ലൈനിന്റെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല ടേൺ കീ അടിസ്ഥാനത്തിൽ L&T എന്ന കമ്പനിക്ക് 2022-ൽ നൽകിയെങ്കിലും ലൈൻ വലിക്കുന്നതിനും ടവർ സ്ഥാപിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്ന് ചൂണ്ടിക്കാട്ടി പ്രത്യേക നഷ്ടപരിഹാരപാക്കേജ് ആവശ്യപ്പെട്ട് സ്ഥലം ഉടമകൾ തടസ്സം ഉന്നയിക്കുന്നതിനാൽ പ്രവൃത്തിക്ക് ഉദ്ദേശിച്ച പ്രകാരമുള്ള പുരോഗതി ഇതുവരെ കൈവരിക്കാനായിട്ടില്ല. കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിൽ പുതിയ റൂട്ടിലൂടെയാണ് ഈ ലൈൻ നിർമ്മിക്കുന്നത്. ലൈൻ നിർമ്മാണത്തിന്റെ ഭാഗമായി ആകെയുള്ള 380 ടവർ ഫൗണ്ടേഷനുകളിൽ 108 ടവർ ഫൗണ്ടേഷനുകൾ പൂർത്തീകരിക്കുകയും 64 ടവറുകൾ സ്ഥാപിക്കുകയും ചെയ്തു. പ്രധാനമായും കാസർഗോഡ്, വയനാട് ജില്ലകളിലെ പ്രവൃത്തികളാണ് പുരോഗമിച്ചിട്ടുള്ളത് കാസർഗോഡ്-വയനാട് 400KV ലൈനിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ നിർമ്മാണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 11.02.2025-ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സർവ്വേ നടപടികൾ പൂർത്തിയാക്കി നഷ്ടപരിഹാര പാക്കേജ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് യോഗം തീരുമാനിച്ചു. |
| (ബി) | വയനാട്-കരിന്തളം 400 കെ.വി. പവർ ഹൈവേ ലൈൻ കണ്ണൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലൂടെയാണ് കടന്നുപോകുന്നതെന്ന് വിശദമാക്കാമോ? | (ബി) | കൊളയാട്, കണിച്ചാർ, കേളകം, ആറളം, അയ്യൻകുന്ന്, പായം, ഉളിക്കൽ, പയ്യാവൂർ, ഇരുവശ്ശേരി, നടുവിൽ, ആലക്കോട്, ഉദയഗിരി, ചെറുപുഴ, പെരിങ്ങോം-വയക്കര എന്നീ പഞ്ചായത്തുകളിലൂടെയാണ് വയനാട് - കരിന്തളം 400 കെ. വി. പവർ ലൈൻ കടന്നുപോകുന്നത്. |

സെക്ഷൻ ഓഫീസർ